**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2330** **12-02-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മെഡിക്കൽ കോളേജിൽ പുതിയ ഫാർമസി കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഫാർമസി ബിരുദാനന്തര കോഴ്സുകളായ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | **കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഫാർമസി ബിരുദാനന്തര കോഴ്സുകളായ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നിവ ആരംഭിക്കുന്നതിനുള്ള ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.** |
| (ബി) | നിലവിലെ സാഹചര്യത്തിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ പ്രസ്തുത കോഴ്സുകൾ ആരംഭിക്കാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | **കഴിയില്ല. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ ഫാക്കൽറ്റികൾ നിലവിലുണ്ടെങ്കിലും സ്റ്റൈപ്പെന്റ് നൽകുന്ന ഇനത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകും.** |

സെക്ഷൻ ഓഫീസർ